# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*242 — 19/06/2018-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക പൊതുശ്മശാനം

| ചോദ്യം<br><br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനീകരണതോത് കുറഞ്ഞതരം ആധുനിക പൊതുശ്മശാനം പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആധുനിക രീതിയിൽ ഉള്ള പൊതുശ്മശാനം നിലവിലില്ല. 57 ഗ്രാമ പഞ്ചായത്തുകളിൽ വാതക ശ്മശാനങ്ങളും, 7 ഗ്രാമ പഞ്ചായത്തുകളിൽ വൈദ്യുതി ശ്മശാനങ്ങളും പ്രവർത്തിക്കുന്നു. 34 നഗരസഭകളിൽ ഗ്യാസധിഷ്ഠിത ശ്മശാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മൂന്ന് നഗര സഭകളിൽ വൈദ്യുതി ശ്മശാനങ്ങളും നിലിവിലുണ്ട്. ഒരു സൗകര്യങ്ങളുമില്ലാത്ത 22 നഗര സഭകളും 475 പഞ്ചായത്തുകളുമാണുള്ളത്. |
| (ബി) | ഇല്ലെങ്കിൽ ഇത്തരം പൊതുശ്മശാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ വന്നശേഷം ഈയിനത്തിൽ സാമ്പത്തിക സഹായത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ;എങ്കിൽ തുക ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഈ സർക്കാർ വന്നശേഷം ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്ന പദ്ധതിക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു.ആയതിൽ 12 ഗ്രാമപഞ്ചായത്തുകൾക്കായി 180.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നഗരസഭകളിൽ ശ്മശാന നിർമ്മാണം നടത്തുന്നതിന് കിഫ്ബി ധനസഹായത്തോടെ 100 കോടി രൂപയുടെ പ്രോജക്റ്റിന് തുടക്കമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് ആധുനിക ശ്മശാനം സ്ഥാപിക്കുവാൻ സഹായം ലഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; ഇതിന് ആവശ്യമായ സ്ഥലം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് ആധുനിക ഗ്യാസധിഷ്ഠിത ശ്മശാനം സ്ഥാപിക്കുന്നതിന് കിഫ്ബി ധനസഹായം ഉപയുക്തമാക്കുന്നതിന്റെ ഭാഗമായി നഗരകാര്യ വകുപ്പിനു കീഴിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് 25 സെന്റ് സ്ഥലമെങ്കിലും ഇതിന് ആവശ്യമാണ്. പൊതുശ്മശാനം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായതും സംസ്ഥാന വിഹിതം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയതുമായ ഗ്രാമപഞ്ചായത്തുകൾക്കാണ് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് അതാതു വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - ചട്ടം 61 (15) പ്രകാരം ശവദാഹശാലകളുടെ ചുറ്റിലും ചുരുങ്ങിയത് 7.5 മീറ്റർ തുറന്ന സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ 5 പ്രകാരം ജനവാസ ഗൃഹങ്ങളുടെ 50 മീറ്റർ പരിധിക്കുള്ളിൽ ശവം മറവു ചെയ്യാനോ ദഹിപ്പിക്കുവാനോ ഉള്ള സ്ഥലങ്ങൾ പുതിയതായി ഏർപ്പെടുത്താൻ പാടില്ലാത്തതാണ്. എന്നാൽ കോൺക്രീറ്റ് കല്ലറകളുടേയും വൈദ്യുത ശ്മശാനങ്ങളുടേയും സംഗതിയിൽ ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**